LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

137 (734) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ വേങ്ങര, കണ്ണമംഗലം എ.ആർ.നഗർ എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കുറ്റൂർ നോർത്ത് നിവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കുറ്റൂർ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉത്തരമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാലാണ് ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

മീനാട് കുടിവെള്ള പദ്ധതി

138 (735) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(സി) മീനാട് പദ്ധതിയോടനുബന്ധിച്ച് വാളകത്ത് സ്ഥാപിച്ചിട്ടുള്ള ടെലിമെട്രിക് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ?